LIBRARY ARCHIVES Kerala Legislative Assembly

ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം

364(1110) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാരിലെ സാംസ്കാരിക-കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണത്തെ സംബന്ധിച്ച് യാതൊരുവിധ പരാമർശവുമില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനായി 2075-00-800-10-10-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ സൈനുദ്ദീൻ മഖ്ദും സ്മാരകത്തിന് 1000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ സർക്കാരിലെ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് കൈകാര്യം ചെയ്ത് വരുകയാണ്. പ്രസ്തുത വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ

365(1111) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ നിലവിലില്ല.

(ബി) ചിത്രാഞ്ജലി തിയേറ്റർ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബി പദ്ധതി പ്രകാരം തിയേറ്ററുകൾ ആരംഭിക്കുന്നതിന് മിനിമം 80 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ ഒരു വിദഗ്ധ സമിതി സാദ്ധ്യതാ പഠനം നടത്തി, തിയേറ്റർ പദ്ധതിക്ക് ഉചിതമാണെന്ന് കണ്ടെത്തിയാണ് തിയേറ്റർ നിർമ്മിക്കുന്നത്.